# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഡിസംബർ 8

## വാർത്താക്കുറിപ്പ്

### കോശപുനരുജ്ജീവനം: ബ്രിക്സ് ഗവേഷണം നയിക്കാൻ എം.ജി. സർവ്വകലാശാല

ശരീരത്തിലെ പരിക്കുകൾ ഭേദമാക്കുന്നതിനും കോശപുനരുജ്ജീവനത്തിനും സഹായകമാകുന്ന ജൈവ പോളിമർ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് (ബ്രസീൽ, റഷ്യ, ഇൻഡ്യ, ചൈന, സൗത്ത് ആഫ്രിക്ക (ബി.ആർ.ഐ.സി.എസ്. - ബ്രിക്സ്) എന്നീ രാജ്യങ്ങൾ ചേർന്ന് രൂപം കൊടുത്തിട്ടുള്ള ബൃഹത്തായ ഗവേഷണ പദ്ധതിക്ക് കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാല നേതൃത്വം നൽകും. ത്രിതല-നാനോ സെല്ലുലോസ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ജൈവപോളിമർ ഉപയോഗിച്ച് ഇതിനാവശ്യമായ ഉൽപന്നങ്ങൾ നിർമ്മിക്കുകയാണ് ഗവേഷണ പദ്ധതിയുടെ ലക്ഷ്യം. നാനോ, പോളിമർ ഗവേഷണത്തിന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ നേതൃത്വത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല ഇതിനോടകം കൈവരിച്ചിട്ടുള്ള നേട്ടങ്ങളാണ് 54 ലക്ഷം രൂപയുടെ ഈ ഗവേഷണ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് സർവ്വകലാശാലയെ അർഹമാക്കിയത്.

ബ്രിക്സ് രാജ്യങ്ങളിൽ നിന്നുള്ള ഗവേഷകരുടെയും ശാസ്ത്രജ്ഞരുടെയും സഹകരണത്തോടെ സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജിയാണ് ഗവേഷണപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. പ്രൊഫ. നന്ദകുമാർ കളരിക്കൽ, ഡോ. രാജി എന്നിവരും പദ്ധതിയിൽ ഗവേഷകരായിരിക്കും. പ്രൊഫ. ഉവാങ് യാങിന്റെ നേതൃത്വത്തിൽ, ചൈനയിലെ ഹ്വാങ് ഷോങ് യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നിന്നുള്ള ഗവേഷക സംഘവും റഷ്യയിലെ നാഷണൽ റിസർവ്വ് ഒഗറേവ് മെർസോവിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രൊഫ. റെവിൻ വിക്ടർ വാസിലേവിച്ചിന്റെ നേതൃത്വത്തിലുള്ള സംഘവും ഗവേഷണത്തിൽ പങ്ക് ചേരും. ഗവേഷണത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നുള്ള ഗവേഷകർക്ക് ചൈനയിലെയും റഷ്യയിലെയും ഗവേഷണകേന്ദ്രങ്ങൾ സന്ദർശിക്കുന്നതിന് അവസരമുണ്ടാകും. ചൈനയിലെയും റഷ്യയിലെയും വിദഗ്ധർ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എത്തി ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകും. ഗവേഷണരംഗത്ത് ബ്രിക്സ് രാജ്യങ്ങളുമായുള്ള മറ്റ് സംരംഭങ്ങൾക്കും വഴി തുറക്കുവാൻ സഹായിക്കുന്നതാണ് ഈ ഗവേഷണ പദ്ധതി. ഗവേഷണം സംബന്ധിച്ച കരാറുകൾ ഒപ്പിടുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അറിയിച്ചു.

(പി.ആർ.ഒ/39/1516/2021)

### എം.എഡ് സ്പോട്ട് അഡ്മിഷൻ ഇന്ന് (ഡിസംബർ 9)

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് നടത്തുന്ന എം.എഡ്. പ്രോഗ്രാമിൻ്റെ 2021- 2023 ബാച്ചിൽ പ്രവേശനത്തിന് പൊതു വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. സി.എ.റ്റി - 2021 പ്രോസ്പെക്ടസ് നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവർ പഠനവകുപ്പിൽ ഇന്ന് (ഡിസംബർ 9 ) രാവിലെ 11 നകം നേരിട്ട് ഹാജരായി സ്പോട്ട് അഡ്മിഷന് രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുന്ന അപേക്ഷകരെ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനത്തിന് പരിഗണിക്കും. എൻ.എസ്.എസ്./ എൻ.സി.സി./ എക്സ് സർവ്വീസ് സർട്ടിഫിക്കറ്റുകൾ ഉള്ളവർ അവ ഹാജരാക്കണം. ബിരുദാനന്തര ബിരുദധാരികൾക്ക് മാർക്കടിസ്ഥാനത്തിൽ ബോണസ് മാർക്കിനും അർഹതയുണ്ടായിരിക്കും. പ്രവേശനം ലഭിക്കുന്നവർ നിശ്ചിത സി എ റ്റി രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ ഇന്ന് (ഡിസംബർ 9) തന്നെ ഒടുക്കേണ്ടതാണ്. എസ്.സി./ എസ്.ടി./ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ജാതി/ വരുമാന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ നിയമാനുസൃത ഇളവുകൾ ലഭിക്കും..

(പി.ആർ.ഒ/39/1517/2021)

### റാങ്ക് ലിസ്റ്റ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന കോച്ചിങ് പ്രോഗ്രാമിൻ്റെ അടുത്ത ബാച്ചിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1518/2021)

**<u>പരീക്ഷാ ഫലം</u>**

2021 ഏപ്രിലിൽ നടന്ന ഏഴാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം -സപ്ലിമെന്ററി/ മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഓൺലൈനായി ഡിസംബർ 22 വരെ സ്വീകരിക്കും. പുനർമൂല്യനിർണയത്തിന് 370 രൂപയും സൂക്ഷ്മ പരിശോധനയ്ക്ക് 160 രൂപയുമാണ് ഫീസടയ്ക്കേണ്ടത്.

(പി.ആർ.ഒ/39/1519/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ